(ബി) പ്രസ്തുത കുളത്തിന്റെ നവീകരണ ശുചീകരണ പ്രവർത്തനങ്ങൾക്കായി 12,00,000 രൂപയാണ് നീക്കി വച്ചിരുന്നത്. അതിൽ നാളിതുവരെ 1,26,030 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഉദുമ കൊവ്വൽ, കൊപ്പൽ തീരപ്രദേശത്തെ കടൽഭിത്തി നിർമ്മാണം

149 (2704) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ കൊവ്വൽ, കൊപ്പൽ തീരപ്രദേശത്തെ രൂക്ഷമായ കടലാക്രമണം തടയുന്നതിന് കടൽഭിത്തി നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് ഉദുമ എം.എൽ.എ. നൽകിയ ഹർജിയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഉദുമ കൊവ്വൽ, കൊപ്പൽ തീരപ്രദേശത്തെ കടൽ തീരത്ത് കടൽഭിത്തി നിർമ്മാണത്തിനായി 296 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ നബാർഡ് ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കല്ലട ഇറിഗേഷൻ പദ്ധതി

150 (2705) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും അനുബന്ധ ജോലികളായ പരവൂർ, ഭൂതക്കുളം മേഖലയിലെ കനാൽ ജോലികളും പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ആവശ്യം നിറവേറ്റുന്നതിലേക്കായി കേന്ദ്ര ഗവൺമെന്റ് പദ്ധതികളായ ഇ.ആർ.എം. സ്കീമിൽ ഉൾപ്പെടുത്തി ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവോ ; വിശദാംശം അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) പരവൂർ ഡിസ്ട്രിബ്യൂട്ടറിയിലെ ചിറക്കരത്താഴം ലിഫ്റ്റ് ഇറിഗേഷൻ സ്കീമിലെ പുനരുദ്ധാരണ പണികൾക്കും അനുബന്ധ ജോലികളായ പരവൂർ, ഭൂതക്കുളം മേഖലകളിലെ കനാൽ ജോലികൾ പൂർത്തീകരിക്കുന്നതിനുമായി തയ്യാറാക്കിയ 5.5 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാം

151 (2706) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം ജലസേചന വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം, അടങ്കൽ തുക എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ജലസേചന വകുപ്പിന് കീഴിൽ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്തതെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തൊക്കെയാണെന്നും വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫ്ലഡ് മാനേജ്മെന്റ് പ്രോഗ്രാം പ്രകാരം ജലസേചന വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം -3

1. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണം	255.335 കോടി
2. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ	13.49 കോടി
3. കുട്ടനാട് താലൂക്കിലെ 398 പാടശേഖരങ്ങളുടെ വെള്ളപ്പൊക്ക നിവാരണ പ്രവൃത്തികൾ	758.39 കോടി
അടങ്കൽ തുക	1027.215 കോടി

എല്ലാ പ്രവൃത്തികളും ആലപ്പുഴ ജില്ലയിൽ ആണ്.

(ബി) അനുമതി നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly